# വില മേലോട്ട്

GST 2017 ആഗസ്റ്റ് 1.



**ഡോ. ബി.എ. പ്രകാശ്**
(അഞ്ചാം സംസ്ഥാന ധനകാര്യകമ്മിഷൻ അധ്യക്ഷൻ)

**സംസ്ഥാനസർക്കാർ വിലകുറയുമെന്നു പ്രഖ്യാപിച്ച 100-ഓളം ഉത്പന്നങ്ങളിൽ മുക്കാൽപ്പങ്കിനും ഇതുവരെ വിലകുറഞ്ഞിട്ടില്ല**

ജി.എസ്.ടി. നടപ്പാക്കി ഒരുമാസം കഴിയുമ്പോഴും ജി.എസ്.ടി.യുടെ പരിധിയിൽ വരുന്ന ഏതാണ്ട് എല്ലാ ഉത്പന്നങ്ങളുടെയും വിലയിൽ വർധനയാണുണ്ടായത്. കാറുകൾ, ടൂത്ത് പേസ്റ്റ്, പാൽപ്പൊടി, വാഷിങ് പൗഡർ തുടങ്ങിയവയുടെ വിലയൊഴിച്ച് മറ്റൊരുത്പന്നത്തിന്റെയും വിലയിൽ കുറവുണ്ടായിട്ടില്ല.

## താഴോട്ടല്ല, മേലോട്ട്

ജി.എ സ്.ടി.യിൽ പ്രഖ്യാപിച്ച നികുതിനിരക്കുകൾ ഉത്പന്നങ്ങളുടെ നിലവിലുള്ള വിലയുടെകൂടെ അധികമായി കൂട്ടുന്ന പ്രവണതയാണ് പൊതുവിൽക്കണ്ടത്. ● ഇടത്തരം ഹോട്ടലുകളെല്ലാം 12 ശതമാനം നികുതി അധികമായിച്ചേർത്ത് ഭക്ഷണത്തിന്റെ വില നിശ്ചയിച്ചു. എന്നാൽ, സംസ്ഥാന സർക്കാർ ഇടപെട്ടതുമൂലം ചില ഹോട്ടലുകൾ അഞ്ചുശതമാനം കുറവുവരുത്തി. എന്നാൽ, നല്ലൊരുശതമാനം ഹോട്ടലുകൾ 12 ശതമാനം അധികവില ഇപ്പോഴും ഈടാക്കുന്നു. ● ഇറച്ചിക്കോഴിയുടെ വാറ്റിൽ 14.5 ശതമാനം കുറവുണ്ടായ സാഹചര്യത്തിൽ കോഴി, കിലോക്ക് 87 രൂപയ്ക്ക് വിൽക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദേശം ഒരിടത്തും നടപ്പായില്ല. ഇതിന്റെ ഇപ്പോഴുള്ള വില 110 മുതൽ 135 വരെയാണ്. ● സംസ്ഥാനസർക്കാർ വിലകുറയുമെന്നു പ്രഖ്യാപിച്ച 100-ഓളം ഉത്പന്നങ്ങളിൽ മുക്കാൽപ്പങ്കിനും ഇതുവരെ വിലകുറഞ്ഞിട്ടില്ല. ജി.എസ്.ടി. പ്രകാരം പുതിയ വില അച്ചടിച്ചുവന്നപ്പോൾ പഴയ വില അതേപോലെ നിലനിർത്തി ● ആട്ട, മൈദ തുടങ്ങിയ ധാന്യപ്പൊടികൾക്ക് ആറുശതമാനവും പഞ്ചസാരയ്ക്ക് നാലുശതമാനവും തേയില, വെളിച്ചെണ്ണ, നല്ലെണ്ണ, എള്ളെണ്ണ എന്നിവയ്ക്കും ഏലം, ഗ്രാമ്പൂ, കറുവപ്പട്ട എന്നിവയ്ക്കും മൂന്നു ശതമാനം വിലക്കുറവുണ്ടാകുമെന്ന് സർക്കാർ പറഞ്ഞിരുന്നു. എന്നാൽ, ഇവയുടെ വിലയിൽ യാതൊരു കുറവുമുണ്ടായില്ല ● നിർമാണസാമഗ്രികളായ സിമന്റ്, മാർബിൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയുടെ വിലയും വർധിച്ചു. ജി.എസ്.ടി. വരുമ്പോൾ മാർബിളിന് ഒന്നരശതമാനം കുറയുമെന്ന് കണക്കാക്കിയ സ്ഥാനത്ത് 12 ശതമാനം വിലവർധനയാണുണ്ടായിട്ടുള്ളത് ● പായ്ക്കുചെയ്ത ധാന്യങ്ങൾ, ഭക്ഷ്യവസ്തുക്കൾ, ആട്ട, മൈദ, അച്ചാർ തുടങ്ങിയവയുടെ ജി.എസ്.ടി. നിരക്ക് 12 ശതമാനമായി വർധിച്ചു. ഇപ്പോൾ ഇത്തരം ഭക്ഷണവസ്തുക്കളിൽ നല്ലൊരു ശതമാനം വിൽക്കുന്നത് പായ്ക്കറ്റുകളായിട്ടാണ്. തന്മൂലം അവയുടെ വിലയും വർധിച്ചു. മാത്രമല്ല ഇവ ഉത്പാദിപ്പിക്കുന്ന ചെറുകിടവ്യവസായത്തെയും ഇതു പ്രതിസന്ധിയിലാക്കി ● കംപ്യൂട്ടർ, പ്രിന്റർ, മഷി, മറ്റ് ഉപകരണങ്ങൾ തുടങ്ങിയവയുടെ ജി.എസ്.ടി. 28 ശതമാനമായി വർധിച്ചത് ഈ മേഖലയിലെ ചെലവിൽ വൻവർധനയുണ്ടാക്കി.

ജി.എസ്.ടി.മൂലം സംസ്ഥാനത്തെ പല വ്യവസായങ്ങളും പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന് റിപ്പോർട്ടുകളുണ്ട് ● പ്ലൈവുഡ് വ്യവസായത്തിലെ ജി.എസ്.ടി. 16.5 ശതമാനത്തിൽനിന്ന് 28 ശതമാനമായി ഉയർത്തിയതുമൂലം കേരളത്തിലെ നാനൂറോളം ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലാണ് ● ഒൻപതു ശതമാനം നികുതിയിൽനിന്ന് 28 ശതമാനം നികുതിയിലേക്ക് ഉയർത്തിയതുമൂലം 1200-ഓളം വരുന്ന ഹൗസ് ബോട്ടുകൾ പ്രതിസന്ധിയിലാണ് ● ഒൻപതു ശതമാനം നികുതിയുണ്ടായിരുന്ന കേറ്ററിങ് മേഖലയുടെ നികുതി 18 ശതമാനമാക്കിയത് ഈ മേഖലയെയും രൂക്ഷപ്രതിസന്ധിയിലാക്കി ● കർഷകന് അവശ്യവസ്തുക്കളായ ഡീസൽ, പെട്രോൾ, മണ്ണെണ്ണ എൻജിനുകൾ, ഇലക്ട്രിക് മോട്ടോർ ഘടകങ്ങൾ എന്നിവയ്ക്ക് 28 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത് കാർഷികമേഖലയെ പ്രതിസന്ധിയിലേക്ക് നയിക്കുന്നു ● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിർമാണപ്രവർത്തനങ്ങൾക്ക് 18 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത് പ്രാദേശിക സർക്കാരുകളുടെ വികസന പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കി.● വിനോദനികുതി വരുമാനം നഷ്ടപ്പെടുന്നതുമൂലം പ്രാദേശിക സർക്കാരുകൾ സാമ്പത്തികപ്രതിസന്ധിയിലേക്ക് നീങ്ങാനിടയുണ്ട് ● ജി.എസ്.ടി.യിൽനിന്ന് സർക്കാർ അധിക നികുതിവരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, ആദ്യമാസം നികുതിവരവിൽ വൻകുറവാണ് ഉണ്ടായിട്ടുള്ളതെന്നും മാധ്യമറിപ്പോർട്ടുകൾ പറയുന്നു.

## കേരള വിപണി ആശങ്കയിൽ

രാജ്യം ഒരു കമ്പോളമായിമാറുന്നതുമൂലം ഉത്പാദനം കൂടുതൽ നടക്കുന്ന, വ്യവസായ വികസിതമായ, ഉത്പാദനച്ചെലവ് കുറഞ്ഞ സംസ്ഥാനങ്ങൾക്ക് സാമ്പത്തികരംഗത്ത് മുന്നേറ്റവും ഉത്പാദനരംഗത്ത് പിന്നാക്കമായ സംസ്ഥാനങ്ങൾക്ക് തകർച്ചയും ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ, ഉയർന്ന ഉത്പാദനച്ചെലവും വിലയും കാരണം കേരളത്തിന് മറ്റു സംസ്ഥാനങ്ങളിൽനിന്നുവരുന്ന ഒട്ടനവധി ഉത്പന്നങ്ങളുമായി മത്സരിച്ച് കേരളത്തിലെ വിപണിപോലും പിടിച്ചുനിർത്താൻ കഴിയാതെ തകർച്ചയിലേക്കു നീങ്ങാൻ സാധ്യതയുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ വിലയിലുള്ള നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വരവ് കേരള വിപണിയുടെ തകർച്ചയ്ക്കും നാളികേര കൃഷിയെയും അനുബന്ധ വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കും.

അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴിക്ക് ഏർപ്പെടുത്തിയിരുന്ന 14.5 ശതമാനം വാറ്റ് നികുതി ഇല്ലാതാവുന്നതോടെ സംസ്ഥാനത്തെ കോഴിക്കർഷകർ വലിയ തകർച്ച നേരിടേണ്ടിവരും. രാജ്യം ഒറ്റക്കമ്പോളമാകുന്നതോടെ സംസ്ഥാന ചെറുകിടവ്യവസായങ്ങൾക്ക് കടുത്ത മത്സരം നേരിടേണ്ടിവരും. വേതനച്ചെലവും മറ്റ് ഉത്പാദനച്ചെലവും ഉയർന്നതുമൂലം മറ്റു സംസ്ഥാനങ്ങളിലെ ഉത്പന്നങ്ങളുമായി മത്സരിക്കാൻകഴിയാതെ പല വ്യവസായ യൂണിറ്റുകളുടെയും നിലനിൽപ്പ് അപകടത്തിലാകും. ●

